"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന വികസന പദ്ധതി - എൽ.എം.എസ് - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 252/2010 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക '4217-60-80093-Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നത് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1339/2025/LSGD** **തീയതി, തിരുവനന്തപുരം, 30-05-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.252/2010 നമ്പർ കേസിന്മേലുള്ള 12/10/2021-ലെ വിധിന്യായം.
2. സ.ഉ.(പി) നം.32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 01/06/2022 തീയതിയിലെ കെ9/424355/22 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 08/04/2025 തീയതിയിലെ എ3/2123/2023/ടിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ് - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 1318/B-ൽ ഉൾപ്പെട്ടതും ശ്രീ. വി.എൻ.വിജയകുമാർ-ന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.25 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.252/2010 നമ്പർ കേസിൽ ബാലൻസ് വിധിക്കടത്തുകയായ 19,12,468/- രൂപ (പത്തൊമ്പത് ലക്ഷത്തി പന്ത്രണ്ടായിരത്തി നാന്നൂറ്റി അറുപത്തെട്ട് രൂപ മാത്രം) അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ് - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം.1318/B-ൽപ്പെട്ടതും ശ്രീ.വി.എൻ.വിജയകുമാർ-ന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.25 ആർ സ്ഥലം

ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.252/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 19,12,468/- രൂപ (പത്തൊമ്പത് ലക്ഷത്തി പന്ത്രണ്ടായിരത്തി നാന്നൂറ്റി അറുപത്തെട്ട് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. വി.എൻ. വിജയകുമാർ (റ്റി.സി.25/2522, വിശ്വ ബ്രഹ്മ വിലാസ മന്ദിരം, പോത്തൻകോട്, തിരുവനന്തപുരം) എന്നയാൾക്ക് '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. വി.എൻ. വിജയകുമാർ, റ്റി.സി.25/2522, വിശ്വ ബ്രഹ്മ വിലാസ മന്ദിരം, പോത്തൻകോട്, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/9/2025/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 31-05-2025 14:06:21

സെക്ഷൻ ഓഫീസർ